**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. സജീറ.എൻ ന് അന്യത്ര സേവനത്തിനു ശേഷം ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റായി നൽകിയ നിയമനം - പുനർ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം. ഇ.എ1- 12992/2022/ആ.വ.ഡ തീയതി 29.10.2022
2. ഡോ. സജീറ.എൻ സമർപ്പിച്ച അപേക്ഷ തീയതി 01.11.2022

**ഉത്തരവ് നം. ഇ.എ1 -12992/2021/ആ.വ.ഡ തീയതി 21.11.2022**

ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ ആയിരിക്കേ അന്യത്രസേവന വ്യവസ്ഥയിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്തു വന്നിരുന്ന ഡോ. സജീറ.എൻ ന് ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തസ്തികയിലേക്ക് സ്ഥാനം നൽകി അന്യത്രസേവനത്തിൽ തുടരുവാൻ അനുമതി നൽകിയിരുന്നു. അന്യത്രസേവനം അവസാനിച്ച മുറയ്ക്ക് ഡോ. സജീറ. എൻ നെ (PEN No.593525) കാസറഗോഡ് സർക്കാർ ടാറ്റ ട്രസ്റ്റ് ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തസ്തികയിൽ നിയമിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പരാമർശം (2) ലെ അപേക്ഷ പ്രകാരം ടിയാരി പുനർനിയമനത്തിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ഡോ. സജീറ.എൻ നെ **കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ്** തസ്തികയിലേക്ക് മാറ്റി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഡോ. സജീറ.എൻ **25.11.2022** തീയതിയക്കകം ജോലിയിൽ പുന: പ്രവേശിച്ച് ആർ.ടി.സി ലഭ്യമാക്കേണ്ടതാണ്. കൂടാതെ അന്യത്ര സേവനത്തിനു ശേഷം ജോലിയിൽ നിന്നും വിട്ടു നിന്ന കാലയളവ് പരാമർശം (1) പ്രകാരം അർഹതപ്പെട്ട അവധിയായി പരിഗണിയ്ക്കുന്നതിനുള്ള അപേക്ഷ ഉചിത മാർഗ്ഗേന സമർപ്പിക്കേണ്ടതാണ്.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. വി.മീനാക്ഷി**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്:

ഡോ. സജീറ.എൻ, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)

പകർപ്പ്:

1. ജില്ലാ മെഡിക്കൽ ആഫീസർമാർ (ആരോഗ്യം), കാസറഗോഡ്/ കോഴിക്കോട്
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. ബന്ധപ്പെട്ട സൂപ്രണ്ടുമാർ/ മെഡിക്കൽ ആഫീസർമാർ
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

21/11/22

**സീനിയർ സൂപ്രണ്ട്**